അന്തർദേശീയ മത്സരങ്ങൾ

അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുക്കുകയും വിജയിക്കുകയും ചെയ്യുന്നവർക്ക് 20 ശതമാനം ഗ്രേസ് മാർക്ക് നൽകുന്നു.

(എച്ച്) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കായിക താരങ്ങൾക്ക് ഗ്രേസ് മാർക്ക് നൽകാറില്ല.

(ഐ) ഹയർ സെക്കന്ററി കോഴ്സുകളിൽ കായിക താരങ്ങൾക്ക് സ്കൂൾ പ്രവേശനത്തിന് സംവരണവും പ്ലസ്ടു പരീക്ഷയിൽ പങ്കെടുക്കുന്നവർക്ക് മികവിന്റെ അടിസ്ഥാനത്തിൽ ഗ്രേസ്മാർക്കും ഇപ്പോൾ നൽകി വരുന്നുണ്ട്.

(ജെ ആന്റ് കെ) ഇതു സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടില്ല.

## എസ്. എസ്. എൽ. സി. ഗ്രേഡിംഗിൽ കായിക താരങ്ങൾക്ക് ഗ്രേസ് മാർക്ക് നിലനിർത്താൻ നടപടി

112 [3290] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എൽ. സി. ഗ്രേഡിംഗ് രീതി അവലംബിക്കുമ്പോൾ സംസ്ഥാന ദേശീയ—ദേശാന്തര മത്സരങ്ങളിൽ പങ്കെടുക്കുന്ന കായിക താരങ്ങൾക്ക് നിലവിൽ ലഭിച്ചു കൊണ്ടിരിക്കുന്ന ഗ്രേസ് മാർക്ക് തുടർന്നും ലഭിക്കുമെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ സ്കൂൾ കായികരംഗത്ത് കേരളം കൈവരിച്ച നേട്ടങ്ങൾ നിലനിർത്തേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്ത് വിവിധ തലങ്ങളിലെ കായിക മത്സരങ്ങളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ ഉപരിപഠന സാദ്ധ്യത ഉറപ്പു വരുത്തുന്നതിന് നിലവിലുള്ള ഗ്രേസ് മാർക്ക് രീതി ഗ്രേഡിംഗിലും പരിഗണിക്കുന്നതിന് നടപടി സ്വീകരകിക്കുമോ?

ഉത്തരം

(എ ആന്റ് ബി) എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് ഗ്രേഡിംഗ് നിലവിൽ വരുന്നതോടെ, ഗ്രേസ് മാർക്ക് ഇല്ലാതാകുന്നതാണ്. പാർട്ട് II (വൈജ്ഞാനിക മേഖല)-യിൽ പ്രവൃത്തി പരിചയം, കലാപഠനം ആരോഗ്യവും കായിക വിദ്യാഭ്യാസവും എന്നീ വിഷയങ്ങളിൽ കുട്ടികളുടെ നൈപുണ്യം വിലയിരുത്തപ്പെടുന്നുണ്ട്. അതിനാൽ തുടർന്നുള്ള പഠനത്തിന്റെ അഡ്മിഷൻ സമയത്ത് പാർട്ട് II-ന് നിശ്ചിത വെയിറ്റേജ് നൽകുന്നതാണ്.

## സർക്കാർ സ്കൂളുകളിൽ പ്ലസ്ടു കോഴ്സ്

113 [3291] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ സ്കൂളുകളിൽ ഇനിയും പ്ലസ്ടു കോഴ്സ് അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

പരിശോധിച്ചു വരുന്നു.

കഴിഞ്ഞ 5 വർഷങ്ങളിൽ പ്ലസ്ടു, വി.എച്ച്.എസ്.ഇ., ഐ.ടി.ഐ. മുതലായ കോഴ്സുകളിലെ സീറ്റും പ്രൈവറ്റ് രജിസ്ട്രേഷൻ ഫീസും

114 [3293] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 5 വർഷത്തെ പ്ളസ്ടു, വി.എച്ച്.എസ്.ഇ., എസ്.എസ്.എൽ.സി.-യുടെ അടിസ്ഥാനത്തിലുള്ള ഡിപ്ലോമ എന്നീ കോഴ്സുകളിലെ സീറ്റുകളുടെ എണ്ണം ഇനം തിരിച്ചും വർഷം തിരിച്ചും എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഓപ്പൺ സ്കൂൾ/പ്രൈവറ്റ് രജിസ്ട്രേഷൻ വഴി പ്ളസ്ടു പരീക്ഷകൾക്ക് ചേർന്നവരുടെ എണ്ണം കഴിഞ്ഞ 5 വർഷങ്ങളിലെ ഓരോ വർഷത്തേയും ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കോഴ്സുകൾക്ക് ഈ കാലയളവിലുണ്ടായിരുന്ന പ്രൈവറ്റ് രജിസ്ട്രേഷൻ ഫീസ് എത്രയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) 2003-ൽ ഹയർ സെക്കന്ററി പ്രൈവറ്റ് രജിസ്ട്രേഷൻ ഏർപ്പെടുത്തിയതു മുതൽ 500 രൂപയാണ് രജിസ്ട്രേഷൻ ഫീസ്.

കാസർഗോഡ് ജില്ലയിലെ ഹയർസെക്കന്ററി സ്കൂളുകൾക്ക് പ്ളസ്ടു കോഴ്സുകളിൽ വിഷയം മാറ്റുന്നതിന് നടപടി

115 [3294] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര ഹയർ സെക്കന്ററി സ്കൂളുകളിൽ നിന്ന് പ്ളസ്ടു കോഴ്സുകളിൽ വിഷയമാറ്റം ലഭിക്കുന്നതിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ അദ്ധ്യയന വർഷം ജില്ലയിൽ എത്ര സ്കൂളുകൾക്ക് കോഴ്സുകളിൽ മാറ്റം അനുവദിച്ചിട്ടുണ്ടെന്നും ആ സ്കൂളുകൾ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ;

---

† അനുബന്ധം IX

LIBRARY ARCHIVES Kerala Legislative Assembly